"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് -എക്സൈസ് -ജീവനക്കാര്യം -എക്സൈസ് കമ്മീഷണർ ഓഫീസിലെ ഫെയർ കോപ്പി സൂപ്രണ്ട് ആയ ശ്രീ.ജോൺസൺ ജോർജ്ജിനു ചികിൽസയ്ക്കായി ചെലവായ തുക പലിശരഹിത ചികിത്സാവായ്പയിൽ ക്രമീകരിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ് ) വകുപ്പ്**

സ.ഉ.(സാധാ) നം.334/2024/TAXES തീയതി,തിരുവനന്തപുരം, 15-04-2024

---

പരാമർശം:-

1. സ.ഉ (സാധാ) നം.808/2021/നി.വ തീയതി 30.11.2021.
2. ശ്രീ. ജോൺസൺ ജോർജ്ജിന്റെ 16.02.2022 ലെ അപേക്ഷ.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 29.07.2022 ലെ എം.ആർ.2-58928/2022/ആ.വ.ഡ നമ്പർ കത്ത്.
4. എക്സൈസ് കമ്മീഷണറുടെ 08.03.2022,27.05.2023,19.03.2024 എന്നീ തീയതികളിലെ ഇ.എക്സ്.സി/4689/2021 -എക്സ്.ഇ6 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

എക്സൈസ് കമ്മീഷണർ ഓഫീസിലെ ഫെയർ കോപ്പി സൂപ്രണ്ട് ആയ ശ്രീ.ജോൺസൺ ജോർജ്ജിനു തിരുവനന്തപുരം ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജിയിൽ ചികിൽസയ്ക്കായി 31.10.2021 മുതൽ 10.01.2022 വരെ ചെലവായ 1,31,913/-രൂപയിന്മേൽ ആരോഗ്യ വകുപ്പ് ഡയറക്ടർ 1,15,585/-രൂപ അനുവദനീയമാണെന്ന് അറിയിച്ചു . ടി ചികിത്സക്കായി സൂചന (1) പ്രകാരം അനുവദിച്ച പലിശരഹിത അഡ്വാൻസ് 2,00,000/-രൂപയിൽ (രണ്ട് ലക്ഷം രൂപ മാത്രം), ടി ചികിത്സാ ചെലവ് കഴിച്ചുള്ള തുകയായ 68,100/-രൂപ ടിയാൻ 22.02.2022 ൽ വെള്ളയമ്പലം സബ് ട്രെഷറിയിൽ ഒടുക്കി വരുത്തിയിട്ടുള്ള സാഹചര്യത്തിൽ ,മേൽ പലിശ രഹിത ചികിത്സാ വായ്പയിൽ ബാക്കിയുള്ള തുകയായ 1,31,900/-രൂപ (200000-68100) ക്രമീകരിക്കുന്നതിനായി എക്സൈസ് കമ്മീഷണർ പരാമർശം (4) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.വായ്പയിൽ ശേഷിക്കുന്ന 16315/-രൂപയും (84415-68100), ടി തുകയുടെ 12% പലിശയും,ഒടുക്കി അസ്സൽ ചെല്ലാൻ ഹാജരാക്കിയിട്ടുള്ളതിനാൽ,എക്സൈസ് കമ്മീഷണർ ഓഫീസിലെ ഫെയർ കോപ്പി സൂപ്രണ്ട് ആയ ശ്രീ.ജോൺസൺ ജോർജ്ജിനു തിരുവനന്തപുരം ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജിയിൽ ചികിൽസയ്ക്കായി 31.10.2021 മുതൽ 10.01.2022 വരെ ചെലവായ 1,31,913/ -രൂപയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമാണെന്ന് അറിയിച്ച 1,15,585/-രൂപ സ.ഉ(സാധാ)നം.808/2021/നി.വ പ്രകാരം അനുവദിച്ച 2,00,000/-രൂപ പലിശരഹിത ചികിത്സാവായ്പയിൽ ക്രമീകരിച്ച് നൽകുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷജില എസ്

ഡെപ്യൂട്ടി സെക്രട്ടറി

1.എക്സൈസ് കമ്മീഷണർ,തിരുവനന്തപുരം (ബില്ലുകളും ,അനുബന്ധ രേഖകളും സഹിതം).

2.ശ്രീ.ജോൺസൺ ജോർജ്ജ് ,ഫെയർ കോപ്പി സൂപ്രണ്ട്, എക്സൈസ് കമ്മീഷണർ ഓഫീസ് (എക്സൈസ് കമ്മീഷണർ മുഖേന).

3.അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്-ഇ.ആർ.എസ്.എ )കേരളം,തിരുവനന്തപുരം.

4.ധനകാര്യ വകുപ്പ് (1929768-L3/352/2021-FIN Dated 27.12.2023).

5.വെബ് &ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

6.കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Renjith S V
Date: 10-04-2024 15:25:59